LIBRARY ARCHIVES Kerala Legislative Assembly

മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് സ്ഥലത്ത് അങ്കണവാടി

190 (3896) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഞ്ഞൂരിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് (എം.വി.ഐ.പി.) സ്ഥലത്ത് അങ്കണവാടി നിർമ്മാണത്തിനായുള്ള പ്ലാനും പ്രൊപ്പോസലും മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മാഞ്ഞൂർ പഞ്ചായത്തിൽ 2, 9 വാർഡുകളിൽ എം.വി.ഐ.പി. വക സ്ഥലത്ത് അങ്കണവാടി നിർമ്മാണത്തിനായുള്ള പ്ലാനും പ്രൊപ്പോസലും മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് പഞ്ചായത്തിന് കത്ത് നൽകിയിട്ടില്ല.

(സി) ഈ പദ്ധതി സംബന്ധിച്ച് പഞ്ചായത്തും ഇറിഗേഷൻ വകുപ്പും തമ്മിലുള്ള തർക്കംമൂലം വർഷങ്ങളായി വികസന പദ്ധതി മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ വേണ്ടി വകുപ്പ് നിശ്ചിത ലാൻഡ് മാർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 2,9 വാർഡുകളിലെ അങ്കണവാടി നിർമ്മാണത്തിനായുള്ള പ്ലാനും പ്രൊപ്പോസലും അനുബന്ധ റിപ്പോർട്ടും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അങ്കണവാടികൾക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജലവിതാനം ഉയർത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

191 (3897) ശ്രീ. പി. ടി. തോമസ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാരാളമായി മഴ ലഭിച്ചിട്ടും കേരളത്തിലെ ഭൂഗർഭ ജലം പതിയായി കുറഞ്ഞതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് കണ്ടെത്തിയ കാരണങ്ങൾ വിശദമാക്കാമോ?